തയ്യാറാക്കിയിട്ടുള്ളത്. ഇത് തയ്യാറാക്കുമ്പോൾ ഓരോ ഘട്ടത്തിലേയും വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ, ക്ലാസ് റൂം യാഥാർത്ഥ്യങ്ങൾ, അദ്ധ്യാപക-വിദ്ധ്യാർത്ഥി ബന്ധം, സമൂഹത്തിന്റെ ഇടപെടൽ നാഷണൽ കോർ കരിക്കുലം തുടങ്ങിയവ അടിസ്ഥാനമായി സ്വീകരിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) സമീപനരേഖ ആധാരമാക്കി വിവിധ തലങ്ങളിൽ വിശദമായ കരിക്കുലം രൂപപ്പെടുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഇ) കരട് സമീപനരേഖ വിവിധ തലങ്ങളിൽ ചർച്ച ചെയ്തുകഴിഞ്ഞു. അതിന് ശേഷമാണ് രേഖ അംഗീകരിച്ചത്.

ഓപ്പൺ സ്കൂൾ പ്രവർത്തനം

68 (2943) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഓപ്പൺ സ്കൂൾ പ്രവർത്തനം സ്വതന്ത്ര ചുമതലയുള്ള സ്വയംഭരണ സ്ഥാപനമായി മാറ്റുവാൻ സർക്കാരിന്, എന്തെങ്കിലും പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനായി പ്രൊജക്ട് തയ്യാറാക്കുകയോ പ്രോജക്ട് തയ്യാറാക്കുവാൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തുകയോ ചെയ്തിട്ടുണ്ടോ ;

(സി) ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാന ഓപ്പൺ സ്കൂൾ എൻ. സി. ഇ. ആർ. ടി യുടെ ഒരു യൂണിറ്റായി കാര്യക്ഷമമായി പ്രവർത്തിച്ചു വരികയാണ്. ഇത് ആവശ്യമെന്ന് കണ്ടാൽ സ്വയംഭരണ സ്ഥാപനമായി മാറ്റുന്ന കാര്യം പരിഗണിക്കും.

(ബി) ഇതിനുവേണ്ട പ്രോജക്ട് റിപ്പോർട്ട് നേരത്തെ തയ്യാറാക്കിട്ടുണ്ട്.

(സി) നാഷണൽ ഓപ്പൺ സ്കൂളിന്റെ ചെയർമാനായിരുന്ന ശ്രീ. മോഹൻ മേനോനാണ് ഈ പ്രൊപ്പോസൽ തയ്യാറാക്കിയത്.

പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനം

69 (2944) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ പഞ്ചായത്ത് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ നിയമന ചുമതല ഇപ്പോൾ ആർക്കാണ് ;

(ബി) പ്രസ്തുത സ്കൂളുകളിൽ അദ്ധ്യാപകരെയും മറ്റിതര ജീവനക്കാരെയും നിയമിച്ചിട്ട് ഇപ്പോൾ എത്ര വർഷം കഴിഞ്ഞു ;

LIBRARY ARCHIVES Kerala Legislative Assembly